LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിക്കേണ്ട രേഖകൾ : 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ, ജനനം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ അധികാരിയുടെ തിരുത്തൽ കത്ത് (സ്ഥാപനം നിലവിൽ ഇല്ലാതായിട്ടുണ്ടെങ്കിലോ, വീട്ടിൽ വച്ചുനടന്ന ജനനങ്ങളുടെ കാര്യത്തിൽ റിപ്പോർട്ട് ചെയ്ത ആൾ ജീവിച്ചിരിപ്പില്ലെങ്കിലും പ്രസ്തുത വിവരത്തിന് സത്യവാങ്മൂലം മതിയാകുന്നതാണ്), വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം (പേര്, വിലാസം എന്നിവയിൽ തിരുത്തൽ വരുത്തേണ്ടപ്പോൾ മാത്രം), സ്കൂൾ രേഖ, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്, വിശ്വസനീയമായ രണ്ട് വ്യക്തികളുടെ ഡിക്ലറേഷൻ (വസ്തുതാപരമായ തിരുത്തലുകൾക്ക്) മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റ് (കൈപ്പറ്റിയിട്ടുണ്ടെങ്കിൽ മാത്രം) ഫീസ് അടയ്ക്കേണ്ടതില്ല.

(ഡി) സ്കൂൾ വിദ്യാഭ്യാസം നേടിയിട്ടില്ലാത്തവർ ഇത് സംബന്ധിച്ച് സത്യവാങ്മൂലം ഹാജരാക്കിയാൽ മതിയാകും. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലായെങ്കിൽ അപേക്ഷകന് തന്നെ ഇത് സംബന്ധിച്ച സത്യവാങ്മൂലം നൽകാവുന്നതാണ്. സ്കൂൾരേഖ ലഭ്യമല്ലെങ്കിൽ പേരുതെളിയിക്കുന്ന മറ്റ് രേഖകളായ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നവർക്ക് അവിടെനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ടറൽ തിരച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും പരിഗണിച്ച് തിരുത്തൽ വരുത്താവുന്നതാണ്.

(ഇ) സ്കൂളിൽ പഠിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്താൻ ആർക്കും അധികാരം നൽകിയിട്ടില്ല. ഇക്കാര്യത്തിൽ സ്വയം സാക്ഷ്യപത്രമാണ് സാധാരണയായി സ്വീകാര്യമായിട്ടുള്ളത്.

ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

203 (T7502) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ത്രിതല പഞ്ചായത്തുകളിലെ മുൻ അംഗങ്ങൾക്കും ഐഡന്റിറ്റി കാർഡ്, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ& ബി) സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് മുൻ അംഗങ്ങൾക്ക് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾമുഖേന തിരിച്ചറിയൽ കാർഡുകൾ അനുവദിക്കുവാൻ അനുമതി നൽകി 28-2-2014-ൽ സ.ഉ.(സാധാ) 591/2014/തസ്വഭവ നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം മുൻ ജനപ്രതിനിധികളുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.